പത്രക്കുറിപ്പ്
20-12-2017

# ഡോ. കെ.ടി. ജലീൽ താജികിസ്ഥാൻ സംഘവുമായി കൂടിക്കാഴ്ച നടത്തി, കുടുംബശ്രീയ്ക്ക് താജികിസ്ഥാനിലേക്ക് ക്ഷണം

തിരുവനന്തപുരം: കുടുംബശ്രീയെക്കുറിച്ച് പഠിക്കാൻ കേരളത്തിലെത്തിയ താജികിസ്ഥാൻ സംഘവുമായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ കൂടിക്കാഴ്ച നടത്തി. മന്ത്രിയുടെ ചേംബറിലായിരുന്നു കൂടിക്കാഴ്ച. സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന കുടുംബശ്രീയെക്കുറിച്ച് പഠിക്കാൻ പത്തംഗ താജികിസ്ഥാൻ സംഘം ശനിയാഴ്ചയാണ് (16-12-2017) കേരളത്തിലെത്തിയത്. മധ്യ ഏഷ്യൻ രാജ്യമായ താജികിസ്ഥാനിലെ കൃഷി വകുപ്പ് ഡെപ്യൂട്ടി മന്ത്രി ജമീല്യ സൈദോവ, നിയമ വകുപ്പ് ഡെപ്യൂട്ടി മന്ത്രി അബൂബക്കർ ഇനൊമോവ് എന്നിവരുടെ നേതൃത്വത്തിലെത്തിയ സംഘം 23-12-2017 ന് മടങ്ങും.

കുടുംബശ്രീ മുഖേന കേരളത്തിൽ നടക്കുന്ന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ, സ്ത്രീകളുടെ സൂക്ഷ്മ സംരംഭങ്ങൾ, കാർഷിക മേഖലയിലെ ഇടപെടലുകൾ എന്നിവ കണ്ടറിഞ്ഞ സംഘം അത് അവിടെ പ്രാവർത്തികമാക്കുന്നതിന് കുടുംബശ്രീയെ താജികിസ്ഥാനിലേക്ക് ക്ഷണിക്കുകയും ചെയ്തു. താജികിസ്ഥാൻ വനിതാ-കുടുംബകാര്യ സമിതി ഡെപ്യൂട്ടി ചെയർപേഴ്സൺ അസിമോവ മഹ്ബുബ, വനിതാ അവകാശ- ശാക്തീകരണ വിഭാഗം മേധാവി സുൽഫിയ കുർബൊ നോവ, താജികിസ്ഥാൻ വനിതാ അഭിഭാഷകരുടെ സംഘടനയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ സെബൊ ഷരിഫോവ, താജികിസ്ഥാൻ ഗ്രാമങ്ങളിലെ സാമ്പത്തിക വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന ട്രിഗർ എന്ന സംഘടനയുടെ ഉപദേശക മൊഹ്റു മഖ്മുദോവ, ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ജീവകാരുണ്യ സംഘടനയായ ഓക്സ്ഫാമിന്റെ താജികിസ്ഥാനിലെ വിഭാഗത്തിൽ നിന്ന് സെയെദ് ഫൈസ് ഹയാത്, ഫർഹോദ് ഖലികോവ്, മസൂദ സൈദോവ, സഫർമോ ഗുലോമോവ എന്നിവരാണ് സംഘത്തിലുള്ളത്.

ഇരുപതു വർഷത്തോളം ചരിത്രമുള്ള കുടുംബശ്രീ കേരളത്തിലെ സ്ത്രീ ശാക്തീകരണത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമായി സ്വീകരിച്ചിരിക്കുന്ന സമീപനങ്ങൾ മനസ്സിലാക്കുക, കേരളത്തിലുടനീളം വ്യാപിക്കുന്നതിനും കരുത്തോടെ നിലനിൽക്കുന്നതിനും പിന്നിൽ കുടുംബശ്രീയ്ക്ക് സഹായകമായ കാര്യങ്ങൾ അറിയുക, കുടുംബശ്രീയുടെ വളർച്ചയ്ക്ക് ഗുണകരമായ നയങ്ങൾ, പിന്തുണയേകിയ സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുക, കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ ജീവിത വിജയം നേടിയവർ, ഗുണഭോക്താക്കൾ എന്നിവരുമായി നേരിട്ട് സംവദിക്കുക എന്നിവയാണ് സംഘത്തിന്റെ സന്ദർശന ലക്ഷ്യങ്ങൾ. കുടുംബശ്രീയുടെ ചരിത്രം, സംഘടനാ സംവിധാനം വിവിധ പ്രൊജക്ടുകൾ എന്നിവയെക്കുറിച്ച് താജികിസ്ഥാൻ സംഘത്തിന് വിശദമായ ക്ലാസ്സുകൾ നൽകിവരുന്നു. അതത് ദിനത്തെ ക്ലാസ്സുകളോട് അനുബന്ധിച്ചാണ് ഫീൽഡ് വിസിറ്റ് സംഘടിപ്പിച്ചിരിക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.പി. അനിൽ, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിമാരായ എസ്. സന്തോഷ് കുമാർ, എം. രാഘവൻ, കുടുംബശ്രീ ഡയറക്ടർ എസ്. നിഷ, പ്രോഗ്രാം ഓഫീസർ ബിനു ഫ്രാൻസിസ്, ചീഫ് ഓപ്പറേറ്റിങ് ഓഫീസർ അജിത് ചാക്കോ, പബ്ലിക് റിലേഷൻസ് ഓഫീസർ ജയന്തി നരേന്ദ്രൻ, തീമാറ്റിക് ആങ്കർ ഡോ. കെ. രാഹുൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ